#IIMKinMedia

Date: September 06, 2026

Newspaper: Mathrubhumi, Pg.05

### ഐ.ഐ.എമ്മിൽ മന്ത്രിമാർക്കുള്ള ക്ലാസ് സമാപിച്ചു

# പുതുയുഗ കേരളത്തിന് പുത്തൻ ആശയങ്ങൾ പങ്കുവെച്ച് 'റീ ഇമാജിനിങ് കേരളം'



ഐ.ഐ.എം. കോഴിക്കോട് കാമ്പസിലെ അർജുന പഥിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ മന്ത്രിമാരോടൊപ്പം സെൽഫിയെടുക്കുന്നു

**കോഴിക്കോട്►** പുതുയുഗകേരളത്തിന് പുതിയ വികസനദിശകളും സാധ്യതകളും കണ്ടെത്തുന്നതിനായി കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ സംഘടിപ്പിച്ച സംസ്ഥാന മന്ത്രിസഭാംഗങ്ങൾക്കായുള്ള ദ്വിദിന 'റീ ഇമാജിനിങ് കേരളം' നേതൃശില്പശാല സമാപിച്ചു. മുഖ്യമന്ത്രി വി.ഡി. സതീശനും മന്ത്രിമാരും ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, മുഖ്യമന്ത്രിയുടെ സെക്രട്ടറി രത്തൻ യു. ഖേൽക്കർ, ഒ.എസ്.ഡി. എൻ.എസ്.കെ. ഉമേഷ് എന്നിവരുമാണ് ശില്പശാലയിൽ പങ്കെടുത്തത്.

രണ്ടാംദിനമായ ശനിയാഴ്ച കേരളത്തിന്റെ സിൽവർ ഇക്കോണമി മിഷൻ, സാമ്പത്തിക-ധനകാര്യ അടിത്തറ ശക്തിപ്പെടുത്തൽ, സംരംഭകത്വവും നൈപുണ്യ വികസനവും, ഉന്നത വിദ്യാഭ്യാസരംഗത്തെ മികവിന്റെ കേന്ദ്രമായി കേരളത്തെ മാറ്റൽ തുടങ്ങിയ നിർണായകവിഷയങ്ങൾ വിശദമായി ചർച്ച ചെയ്തു. ഐ.ഐ.എമ്മിലെ പ്രൊഫസർമാരാണ് രണ്ടാംദിനം ക്ലാസുകൾ നയിച്ചത്.

തലമുറമാറ്റവും കേരളത്തെ ആഗോള ബ്രാൻഡായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട അവസാന അക്കാദമിക് സെഷനിൽ ഐ.ഐ.എം. ഡയറക്ടർ പ്രൊഫ. ദേബാശിഷ് ചാറ്റർജി, പ്രൊഫ. അനന്തകുട്ടൻ ബി. ഉണ്ണിത്താൻ എന്നിവർ പങ്കെടുത്തു.

മുഖ്യമന്ത്രി കാമ്പസിൽ അശോക വൃക്ഷത്തൈ നട്ടു. തുടർന്ന് ലൈബ്രറിക്കകത്തെ പരാമ്പരാഗത ശൈലിയിലുള്ള ഗുരുകുലം ക്ലാസ് മുറി സന്ദർശിക്കുകയുംചെയ്തു.

ഉച്ചയ്ക്കു നടന്ന സമാപനച്ചടങ്ങോടെയാണ് ദ്വിദിന സംഗമം ഔദ്യോഗികമായി സമാപിച്ചത്. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഐ.ഐ.എം. ഡയറക്ടർ സർട്ടിഫിക്കറ്റുകൾ നൽകി. ഐ.ഐ.എമ്മിന് കേരളസർക്കാരിന്റെ ഉപഹാരം ഡയറക്ടർ ദേബാശിഷ് ചാറ്റർജിക്ക് മുഖ്യമന്ത്രി സമ്മാനിച്ചു.